VII റിപ്പോർട്ട് സമർപ്പണം

2010-ലെ കേരള പോലീസ് ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട്

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, 2010-ലെ കേരള പോലീസ് ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ അവതരിപ്പിക്കുന്നു.

VIII നിയമ നിർമ്മാണം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2010-ലെ കേരള ആരോഗ്യത്തിനുള്ള അനുബന്ധ ശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് 2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ അവതരിപ്പിക്കാവുന്നതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, 2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, 2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി കെ. കെ. ലതിക: സർ, 2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 20-2-2011 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

LIBRARY ARCHIVES Kerala Legislative Assembly